LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത്തേത് മക്കരപ്പറമ്പ് ബൈപ്പാസാണ്. ദേശീയപാത 966-നെ ഭാരത്മാല പരിയോജനയിലുൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.) മുഖേന നാല്/ആറുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 966-ന്റെ ഭാഗമായ പാലക്കാട്-കോഴിക്കോട് ഭാഗം വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ളതും ഇതിലേയ്ക്കായി പുതിയ ഗ്രീൻ ഫീൽഡ് അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിലുള്ള എൻ.എച്ച്. 966-ൽ ഉൾപ്പെടുന്ന ടൗണുകളിലൊന്നിലും ബൈപ്പാസുകൾ നിർമ്മിക്കുന്നില്ലെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള യോഗത്തിന്റെ കാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്.

(10) മുൻഗണനാ റേഷൻകാർഡ്

ശ്രീ. പി. എസ്. സുപാൽ: സർ, ശക്തമായ പൊതുവിതരണ സംവിധാനം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. പൊതുവിതരണ സംവിധാനത്തെ തകർക്കുന്ന നിലപാടാണ് ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിലുള്ളവരുടെ കാർഡുകളുടെ എണ്ണം ഗണ്യമായി വെട്ടിച്ചുരുക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് മുമ്പ് സ്വീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള പല ആളുകൾക്കും മുൻഗണനാ കാർഡ് നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് അനർഹരായ പലരും മുൻഗണനാ കാർഡ് കൈവശം വയ്ക്കുമ്പോൾ അർഹരായ പലർക്കും മുൻഗണനാ കാർഡ് ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ അവരുടെ റേഷൻ വിഹിതത്തിൽ കുറവുണ്ടാകുന്നു. ചികിത്സാ ആവശ്യങ്ങൾക്ക് പരിഗണന കിട്ടാതെ വരുന്ന സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ട് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും മുൻഗണനാ കാർഡിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഇത്തരത്തിൽ ധാരാളം അപേക്ഷകളാണ് വന്നു കൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. അതുകൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചവരെ പ്രസ്തുത പട്ടികയിൽ നിന്നൊഴിവാക്കിയാൽ മാത്രമേ അർഹതയുള്ള കുടുംബങ്ങൾക്ക് നൽകാൻ കഴിയൂ. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് അനർഹമായി കാർഡുകൾ കൈവശംവച്ച വരുന്നവരോട് ആയത് സ്വമേധയാ തിരിച്ചേൽപ്പിക്കണമെന്ന് അഭ്യർത്ഥിച്ചത്. അനുവദിക്കപ്പെട്ട കാലയളവിനുള്ളിൽ (15-7-2021) കാർഡുകൾ തിരിച്ചേൽപ്പിക്കുന്നവരെ നിലവിലുള്ള ശിക്ഷാ നടപടികളിൽനിന്നും പൂർണ്ണമായും ഒഴിവാക്കുമെന്നും അറിയിപ്പ് നൽകിയിരുന്നു. ഈ അഭ്യർത്ഥനയ്ക്ക് പൊതുസമൂഹത്തിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ഒന്നേകാൽ ലക്ഷത്തോളം കാർഡുകളാണ് ഈ കാലയളവിൽ സ്വമേധയാ തിരിച്ചേൽപ്പിക്കപ്പെട്ടത്. എ.എ.വൈ. കാർഡ് (മഞ്ഞ നിറത്തിലുള്ളത്) - 10018, പി.എച്ച്.എച്ച്. കാർഡ് (പിങ്ക് നിറത്തിലുള്ളത്)-64761, എൻ.പി.എസ്. കാർഡ് (നീല നിറത്തിലുള്ളത്)-48775. അങ്ങനെ 123554 കാർഡുകൾ തിരികെ ലഭിക്കുകയുണ്ടായി. മുൻഗണനാ പട്ടികയിലുൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധിപേർ അപേക്ഷ നൽകിയിട്ടുണ്ട്. മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ചതിലൂടെ വന്നിട്ടുള്ള ഒഴിവുകളിലേയ്ക്ക് അർഹരായവരെ കണ്ടെത്തി പ്രസ്തുത കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുന്ന ഘട്ടത്തിൽ ഗുരുതരമായ രോഗം ബാധിച്ച് ദീർഘനാളത്തെ ചികിത്സ ആവശ്യമായി വരുന്ന അപേക്ഷകർക്ക് പ്രത്യേക പരിഗണന നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ കൂടുതൽ ആനുകൂല്യത്തിന് അർഹതയുള്ള അന്ത്യോദയ അന്നയോജന (എ.എ.വൈ.) കാർഡുകളുടെ വിതരണം ആഗസ്റ്റ് 30-ഓടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി പ്രയോറിറ്റി ഹൗസ് ഹോൾഡേഴ്സ് (പി.എച്ച്.എച്ച്.) വിഭാഗത്തിലുണ്ടായ ഒഴിവുകളിലേയ്ക്ക് അർഹതപ്പെട്ടവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.